# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 588** **01.12.2015- ൽ മറുപടിക്ക്**

## സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടയം ടെക്സ്റ്റയ്ൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച് 17/7/2014 ൽ ബഹു. വ്യവസായ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) & (ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച് 17.07.2014 ന് വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗം, സംസ്ഥാനത്തിന് ഗുണകരമെന്ന് തോന്നുന്ന ഏതെല്ലാം സാങ്കേതിക കോഴ്സുകൾ കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീന തയിലുള്ള അധിക ഭൂമിയിൽ നടത്താൻ കഴിയുമെന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസഡയറക്ടേറ്റിന് നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ